**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3350** **04-08-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിന്‍ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, എഞ്ചിനീയറിംഗ് വിംഗ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ പൂര്‍ത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പൂര്‍ത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പല്‍ കോമണ്‍ സര്‍വ്വീസ് എന്നീ സര്‍വ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസര്‍വ്വീസ് രൂപീകരിച്ചുകൊണ്ട് സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവായിരുന്നു. ലോക്കല്‍ ഗവണ്മെന്റ് കമ്മീഷന്‍ തയാറാക്കി സമര്‍പ്പിച്ച സ്റ്റേറ്റ് സര്‍വീസിന്റെയും സബോര്‍ഡിനേറ്റ് സര്‍വീസിന്റെയും കരട് വിശേഷാല്‍ ചട്ടങ്ങള്‍ ടി ഉത്തരവിന്റെ അടിസ്ഥാനത്തില്‍ വിശദമായി പരിശോധിച്ച് ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതി വരുത്തിയ കരട് വിശേഷാല്‍ ചട്ടങ്ങള്‍ സര്‍വ്വീസ് സംഘടനകളുടെ അഭിപ്രായങ്ങള്‍ക്കും നിര്‍ദ്ദേശങ്ങള്‍ക്കുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റില്‍ 22.12.2020-ല്‍ പ്രസിദ്ധീകരിച്ചു . 2021 ഫെബ്രുവരി 15-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണല്‍ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയില്‍ എല്ലാ സര്‍വ്വീസ് സംഘടനകളുമായി വെര്‍ച്ചല്‍ മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെയും സെക്രട്ടറിമാരുടെ കമ്മിറ്റിയോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തില്‍ കരട് വിശേഷാല്‍ ചട്ടങ്ങള്‍ ഭേദഗതി വരുത്തിയിരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19.07.2010-ലെ 11884/R1/2007/P&ARD നമ്പര്‍ Circular (Simplified procedure for framing Special Rules)പ്രകാരം സ്റ്റേറ്റ് സര്‍വ്വീസിന്റെയും |

| | | | |
|---|---|---|---|
| | | | സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ അന്തിമമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ